## ക്രിസ്തുവിനെ നിത്യരാജാവായി അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത്

**I. വെളിപ്പാട് 11:15-18-ഉം 12:10-ഉം സൂചിപ്പിക്കുന്നത് നാം ക്രിസ്തുവിനെ നിത്യരാജാവായി അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യണമെന്നാണ്**

- ഏഴാമത്തെ കാഹളം ഊതുന്ന സമയത്ത്, മഹോപദ്രവം അവസാനിക്കുമെന്നു മാത്രമല്ല, പിന്നെയോ ഈ യുഗം അവസാനിക്കുകയും, ദൈവത്തിന്റെ മർമം പൂർത്തിയാകുകയും, സഹസ്രാബ്ദരാജ്യയുഗം എന്ന മറ്റൊരു യുഗം ആരംഭിക്കുകയും ചെയ്യും—വെളി. 11:15
- പുതിയ യെരൂശലേമിൽ ദൈവം തന്റെ വ്യക്തിയിൽ നിത്യരാജാവായും തന്റെ ഭരണത്തിൽ നിത്യവും ഇളകാത്തതുമായ രാജ്യമായും പൂർണമായി അനാവരണം ചെയ്യപ്പെടും; ഇവ രണ്ടും തന്റെ ജനത്തോടുള്ള അവന്റെ ഇടപെടലിന്റെ ഇളകാത്ത അടിസ്ഥാനമാണ്—വിലാ. 5:19

## ക്രിസ്തു ഭൂമിയെ കൈവശമാക്കുവാൻ വരുന്നു

**II. വെളിപ്പാട് 10:1-7-ൽ ഭൂമിയെ കൈവശമാക്കുവാൻ വരുന്ന ക്രിസ്തുവിന്റെ വ്യക്തമായ ഒരു ദർശനമുണ്ട്**

- ഈ അധ്യായത്തിൽ ക്രിസ്തു "ബലവാനായ മറ്റൊരു ദൂതൻ" ആണ് (വാ. 1)
- മറ്റൊരു ദൂതൻ "സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നത്" യോഹന്നാൻ കണ്ടു—10:1a
  - ക്രിസ്തു ഇപ്പോഴും ഭൂമിയിലേക്കുള്ള അവന്റെ വഴിയിലാണെന്നതിന്റെ ഒരു സൂചനയാണ് ഈ ദർശനം
- ക്രിസ്തു "മേഘം ധരിച്ചിരിക്കുന്നു"—വാ. 1b
  - "മേഘത്തിന്മേൽ" ആയിരിക്കുന്നത് പരസ്യമായി വരുന്നതാണ്, അതേസമയം "മേഘം ധരിക്കുന്നത്" രഹസ്യമായി വരുന്നതാണ്
  - അവൻ മേഘത്തിൽ ഇരിക്കുകയും അവന്റെ വരവ് പരസ്യമാകുകയും ചെയ്യുമ്പോൾ, അധ്യായം 14 വരെ അവൻ മേഘത്തിൽ പൊതിയപ്പെട്ടിരിക്കും
- "അവന്റെ തലയിൽ മഴവില്ല് ഉണ്ടായിരുന്നു"—10:1c
  - ദൈവം ഉടമ്പടി ചെയ്യുന്ന ദൈവമാണെന്ന്, ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പിലാക്കുമ്പോൾ തന്റെ ഉടമ്പടി പാലിക്കുന്ന വിശ്വസ്തനായ ദൈവമാണെന്ന്, ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റുമുള്ള മഴവില്ല് സൂചിപ്പിക്കുന്നു
- "അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ പാദങ്ങൾ അഗ്നിത്തൂണുകൾപോലെയും ആയിരുന്നു"—10:1d
  - ഭൂമിയിലെ ജനത്തിനുള്ള അവന്റെ പരസ്യവരവിന്റെ സമയത്തോട് അടുക്കുമ്പോൾ, ക്രിസ്തു തന്നെ സ്നേഹിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നവർക്ക് പ്രഭാതത്തിനുമുമ്പ്, ഏറ്റവും ഇരുണ്ട സമയത്തിനുമുമ്പ്, പ്രത്യക്ഷപ്പെടുന്ന ഉദയനക്ഷത്രത്തെപ്പോലെ ആയിരിക്കുകയില്ല, മറിച്ച് സൂര്യനെപ്പോലെയായിരിക്കും
  - വാക്യം 1-ലെ അഗ്നി ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു (പുറ. 19:18; എബ്രാ. 12:29), ഈ വിശുദ്ധിക്കൊത്തവണ്ണം ക്രിസ്തു ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പാക്കും
- "അവൻ തന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയിന്മേലും വച്ചു"—വെളി. 10:2b
  - ക്രിസ്തു തന്റെ പാദങ്ങൾ സമുദ്രത്തിന്മേലും ഭൂമിയിന്മേലും വയ്ക്കുന്നത് അവൻ അവയുടെമേൽ ചവിട്ടുന്നതാണ്, അവൻ അവയുടെമേൽ ചവിട്ടുന്നത് അവയെ സ്വന്തമാക്കുന്നതുമാണ്
  - ദൈവത്തിന്റെ വ്യവസ്ഥയുടെ ചുരുൾ തുറക്കുവാനും, ഭൂമിയെ കൈവശമാക്കുവാനും അവൻ മാത്രമാണ് യോഗ്യൻ
- "സിംഹം ഗർജ്ജിക്കുന്നതുപോലെ അവൻ ഉച്ചത്തിൽ നിലവിളിച്ചു"—വെളി. 10:3
  - സിംഹത്തിന്റെ ഗർജ്ജനം ഒരു രാജാവിന്റെ ക്രോധത്തിന് സദൃശമാണ്. ഇത് സൂചിപ്പിക്കുന്നത് ഭൂമിയുടെ രാജാവെന്ന നിലയിൽ ക്രിസ്തു ക്രോധത്തിന് പ്രകോപിക്കപ്പെടുന്നു എന്നാണ്

## ക്രിസ്തു ദൈവത്തിന്റെ മർമം പൂർത്തിയാക്കുന്നു

**III. "ദൈവത്തിന്റെ മർമം പൂർത്തിയായി"—വെളി. 10:7**

- ആദാം മുതൽ മോശെ വരെയും മോശെ മുതൽ ക്രിസ്തു വരെയുമുള്ള യുഗങ്ങളിൽ സകലവും വെളിപ്പെടുത്തപ്പെട്ടു, വെളിവാക്കപ്പെട്ടു, ഒരു മർമവും അവിടെ ഇല്ല.
- സഹസ്രാബ്ദരാജ്യ യുഗത്തിലും പുതിയ ആകാശത്തിലും ഭൂമിയിലും സകലവും വെളിപ്പെടുത്തപ്പെടും, അവിടെ ഒരു മർമവും ഉണ്ടായിരിക്കുകയില്ല
- ക്രിസ്തു മുതൽ സഹസ്രാബ്ദരാജ്യം വരെയുള്ള യുഗത്തിൽ—കൃപായുഗമായ സഭായുഗത്തിൽ—സകലവും ഒരു മർമമാണ്
  - മർമത്തിന്റെ യുഗത്തിന്റെ ആരംഭമായ ക്രിസ്തുവിന്റെ ജഡാവതാരം ഒരു മർമമാണ്— 1 തിമൊ. 3:16
    - ക്രിസ്തുവിന്റെ ജഡാവതാരത്തിലൂടെ അപരിമേയനായ ദൈവം പരിമിതനായ മനുഷ്യനിലേക്ക് കൊണ്ടുവരപ്പെട്ടു
  - ക്രിസ്തു ദൈവത്തിന്റെ മർമമാണ്—കൊലൊ. 2:2
    - ദൈവം ഒരു മർമമാണ്, ദൈവത്തെ ആവിഷ്കരിക്കാനുള്ള ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു ദൈവത്തിന്റെ മർമമാണ്
    - ദൈവത്തിന്റെ മർമമെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ ദേഹരൂപവും, നിർവചനവും, വിശദീകരണവും ആണ്; ദൈവം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെല്ലാം ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നു
  - സഭ ക്രിസ്തുവിന്റെ മർമമാണ്—എഫെ. 3:4-6
    - ക്രിസ്തു ഒരു മർമവും, അവനെ ആവിഷ്കരിക്കുവാനുള്ള ക്രിസ്തുവിന്റെ ശരീരമായ സഭ ക്രിസ്തുവിന്റെ മർമവും ആണ്
    - ഈ മർമം ദൈവത്തിന്റെ വ്യവസ്ഥയാണ്, അത് ദൈവത്തിന് ഒരു സംഘാത ആവിഷ്കാരം ഉണ്ടായിരിക്കേണ്ടതിന് ക്രിസ്തുവിൽ ദൈവത്തിന്റെ ദേഹരൂപത്തിന്റെ വർധനവായിരിക്കുവാൻ ഒരു ശരീരത്തെ ഉളവാക്കുന്നതിനായി ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് പകരുന്നതാണ്
  - സ്വർഗരാജ്യവും, സുവിശേഷവും, ഉൾവസിക്കുന്ന ക്രിസ്തുവും, മർമയുഗത്തിന്റെ അവസാനമെന്ന നിലയിൽ വിശുദ്ധന്മാരുടെ വരുവാനിരിക്കുന്ന പുനരുത്ഥാനവും കായാന്തരണവുമെല്ലാം, മർമങ്ങളാണ്
  - ഏഴാമത്തെ കാഹളം ഊതുമ്പോൾ, ഈ എല്ലാ മർമങ്ങളും പൂർത്തിയാക്കപ്പെടും; അതുകൊണ്ട്, ദൈവത്തിന്റെ മർമം പൂർത്തിയാകും